ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ശക്തമായ സമരമൊന്നും ആവശ്യമില്ല. പന്തളം നിവാസികളുടെയും ബഹുമാനപ്പെട്ട ചിറ്റയം ഗോപകുമാറിന്റെയും ആഗ്രഹം പൂവണിയുവാൻ പോവുകയാണ്. പന്തളം ജംഗ്ഷനിൽ എം.സി. റോഡിലെ കുറുന്തോട്ടയം പാലം വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിൽ ലഭിക്കുകയും പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകാൻ ധനകാര്യ വകുപ്പ് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(6) പി. മുരളിയുടെ കൊലപാതകം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, 27-10-2014-ന് വൈകുന്നേരം കാസർഗോഡ് ജില്ലയിലെ കുമ്പള ശാന്തിപ്പള്ളം എന്ന സ്ഥലത്തുവച്ച് അവിടത്തെ ഡി.വൈ.എഫ്.ഐ.-യുടെ പ്രവർത്തകനായ മുരളി എന്ന ചെറുപ്പക്കാരനെ രണ്ടു ബൈക്കുകളിലായി നാലു ബി.ജെ.പി. പ്രവർത്തകർ പരസ്യമായി കത്തിക്കൊല പ്പെടുത്തിയ സംഭവുമായി ബന്ധപ്പെട്ട വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. രണ്ടു ബൈക്കുകളിലായി വന്ന ഈ നാലുപേരെ പോലീസ് അപ്പോൾത്തന്നെ അറസ്റ്റ് ചെയ്ത് കേസെടുത്തുവെങ്കിലും കൊലപാതകത്തിന് പിന്നിൽ പ്രവർത്തിച്ച നാലുപേരെക്കുറിച്ച് പോലീസിന് അറിയാമായിരുന്നു. ആ നാലുപേരെയും പോലീസ് പിന്നീട് അറസ്റ്റ് ചെയ്തു. പക്ഷേ നിസ്സാര വകുപ്പ് ചേർത്ത് കോടതിയിൽ ഹാജരാക്കിയപ്പോൾ ജാമ്യം അനുവദിച്ച നടപടിയാണ് സ്വീകരിച്ചത്. ഒരു കൊലപാതകം നടന്നപ്പോൾ കൊലപാതകികളെ സംരക്ഷിക്കുകയും കൊലയ്ക്ക് കൂട്ടുനിന്ന നാലുപേരെ അറസ്റ്റ് ചെയ്ത് സാധാരണ പെറ്റി കേസ് എടുത്ത്, ജാമ്യം കൊടുക്കുന്ന വകുപ്പുകൾ ചേർത്ത് നടപടി സ്വീകരിക്കുകയും ചെയ്തു എന്നതാണ് പ്രധാന ആക്ഷേപം. ഇതുതന്നെയാണ് കാസർഗോഡ് ജില്ലയിലെ പല പ്രശ്നങ്ങൾക്കും കാരണമാകുന്നത്. അവിടെ നടക്കുന്ന സംഭവങ്ങളിലെല്ലാം പോലീസ് ഒരു ഭാഗത്ത് കക്ഷിചേരുകയും മറ്റെല്ലാവരെയും ദ്രോഹിക്കുന്ന നടപടി സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായാണ് കാസർഗോഡ് പല കുഴപ്പങ്ങളും സംഭവിക്കുന്നത്. ഈ സംഭവത്തിൽ ബി.ജെ.പി.-ക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി കാസർഗോഡ് ഡിവൈ.എസ്.പി. അടക്കമുള്ള പോലീസുകാർ ചെയ്തിട്ടുള്ള കാര്യങ്ങളാണ് ഞാൻ ഈ സഭയിൽ ആക്ഷേപമായി ഉന്നയിക്കുന്നത്. ഈ സംഭവത്തിൽ കൊലക്കുറ്റത്തിന് കൂട്ടുനിന്ന നാലുപേരെ നിസ്സാര പെറ്റി കേസെടുത്ത് സംരക്ഷിക്കുന്ന നടപടിയാണ് കാസർഗോഡ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. ഒരാൾ യാത്ര ചെയ്ത അവസരത്തിൽ വാക്കേറ്റമോ എന്തെങ്കിലും പ്രശ്നമോ ഒന്നും നടക്കാതെ കരുതിക്കൂട്ടി തടഞ്ഞുനിർത്തി

LIBRARY ARCHIVES Kerala Legislative Assembly

ക്രൂരമായി കൊലചെയ്ത സംഭവത്തിൽ നിസ്സാര കേസെടുത്ത് പ്രതികളെ രക്ഷിക്കുന്ന നടപടിയാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത് എന്നതാണ് സത്യം. ഇതുമാത്രമല്ല, എന്റെ നിയോജകമണ്ഡലത്തിൽ കുറേ വർഷങ്ങൾക്കുമുമ്പ് എം.പി. ബാലകൃഷ്ണൻ എന്നൊരാൾ കൊലചെയ്യപ്പെടുകയുണ്ടായി. അതിൽ ഏഴുപേരാണ് പ്രതികൾ. അതിൽ അഞ്ചുപേരെ പോലീസ് അറസ്റ്റ് ചെയ്ത് കേസെടുത്ത് വിചാരണ നടന്നുകൊണ്ടിരിക്കുകയാണ്. രണ്ടുപേരെ ഇതുവരെ പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല എന്നുമാത്രമല്ല, അതിലൊരാൾ കോ-ഓപ്പറേറ്റീവ് ബാങ്ക് ജീവനക്കാരനാണ്. ഇവർ രണ്ടുപേരും ഒളിവിലാണെന്നാണ് പോലീസ് പറയുന്നത്. പക്ഷേ അയാൾ എല്ലാ ദിവസവും ബാങ്കിന്റെ അറ്റൻഡൻസ് ബുക്കിൽ ഒപ്പിട്ടതായി കാണുന്നു. ഒളിവിൽ കഴിയുന്ന ഒരാളെ അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പിടാൻ അനുവദിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെയും മേലുദ്യോഗസ്ഥനെതിരെയും എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല എന്നതു സംബന്ധിച്ച് ഞാൻ പല പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ പെടുത്തിയെങ്കിലും ഇതുവരെയും യാതൊരു നടപടിയും സ്വീകരിച്ചില്ല. മാത്രമല്ല, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് മൂന്നരവർഷം കഴിഞ്ഞു. ഈ മൂന്നര വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയിൽ 4 സി.പി.ഐ.(എം)-ന്റെയും ഡി.വൈ.എഫ്.ഐ.-യുടെയും പ്രവർത്തകർ കൊലചെയ്യപ്പെട്ടു. ഇത് എല്ലാ കൊല്ലവും നടക്കുകയാണ്. പോലീസ് ഏകപക്ഷീയമായി പ്രവർത്തിക്കുന്നതു കൊണ്ടാണ് ഇത് സംഭവിക്കുന്നത്. സി.പി.ഐ.(എം)-കാരും ഡി.വൈ.എഫ്. ഐ. -കാരും മരിച്ചോട്ടെ എന്ന ധാരണ നമ്മുടെ സമൂഹത്തിൽ പോലീസ് വകുപ്പിനകത്തുണ്ടോ എന്ന് ഞങ്ങൾ സംശയിക്കുകയാണ്. ഈ പ്രശ്നം വളരെ ഗൗരവമായി കാണുകയും മുരളിയെ കൊലചെയ്ത പ്രതികളായ നാലുപേരെ അറസ്റ്റ് ചെയ്തതോടൊപ്പം ഗൂഢാലോചനയിൽ പങ്കെടുത്ത നാലുപേരെയും കൂടി അറസ്റ്റ് ചെയ്ത് കൊലക്കേസിൽ പ്രതികളാക്കി അവരുടെ പേരിലും നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 27-10-2014 വൈകുന്നേരം 04.35-ന് കമ്പള പോലീസ് സ്റ്റേഷൻ പരിധിയിൽ എടനാട് ഗ്രാമം സീതാംഗോളി അപ്പര മില്ലിന് സമീപംവച്ച് സുഹൃത്ത് മനോജ് കുമാറിനോടൊപ്പം മോട്ടോർ സൈക്കിളിൽ സഞ്ചരിച്ചിരുന്ന സി.പി.ഐ.(എം) പ്രവർത്തകനായ 34 വയസ്സുള്ള മുരളീധരനെ രണ്ട് ബൈക്കുകളിൽ പിന്തുടർന്നെത്തിയ ശരത് രാജ്, മിഥുൻ കുമാർ, വരദരാജ്, ദിനേഷ് ആചാർ എന്നിവർ ചേർന്ന് മോട്ടോർ സൈക്കിളിൽ തടഞ്ഞുനിർത്തി കുത്തി പരിക്കേൽപ്പിച്ചതിനെത്തുടർന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഗുരുതരമായി പരിക്കേറ്റ മുരളീധരനെ കമ്പള കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ കൊണ്ടുപോകുന്നവഴി മരണപ്പെട്ടിട്ടുള്ളതാണ്. മനോജ്കുമാറിന്റെ പരാതി പ്രകാരം ക്രൈം 545/14 U/s 302, 341, 506(2) 34 IPC പ്രകാരം മേൽപ്പറഞ്ഞ നാലുപേരെ പ്രതികളാക്കി കമ്പള പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് ഈ കേസ്സിന്റെ അന്വേഷണം കമ്പള പോലീസ് സബ് ഇൻസ്പെക്ടർ നടത്തി 30-10-2014, 2-11-2014 തീയതികളിൽ നാല് പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. തുടർന്നുള്ള അന്വേഷണത്തിൽ നിഥിൻ രാജ്, കിരൺകുമാർ, മഹേഷ്, അജിത്കുമാർ തുടങ്ങിയവർ കുറ്റകൃത്യത്തിന് സഹായികളായി പ്രവർത്തിച്ചുവെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അവരെ യഥാക്രമം അഞ്ച് മുതൽ എട്ട് വരെ പ്രതികളായി ഉൾപ്പെടുത്തിയും IPC 212-ാം വകുപ്പ് അധികമായി ചേർത്തും കോടതിക്ക് റിപ്പോർട്ട് നൽകി. ഈ നാല് പ്രതികളെയും 11-11-2014-ൽ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുണ്ട്. ഈ കൊലപാതകത്തിലെ ഗൂഢാലോചന അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. കരുണാകരൻ എം.പി., സി.പി.ഐ. (എം) ജില്ലാ സെക്രട്ടറി ശ്രീ. സതീശ് ചന്ദ്രൻ, ശ്രീ. സി.എച്ച്. കുഞ്ഞമ്പു, എക്സ്. എം.എൽ.എ. തുടങ്ങിയവർ എന്നെയും മുഖ്യമന്ത്രിയെയും കാസർഗോഡ് ഗസ്റ്റ് ഹൗസിൽ വച്ച് നേരിൽകണ്ട് പരാതി നൽകുകയുണ്ടായി. മുരളിയുടെ ബന്ധുക്കളും പരാതി നൽകിയിരുന്നു. അവരുടെ പരാതി കണക്കിലെടുത്തുകൊണ്ട് കണ്ണൂർ റേഞ്ച് ഡി.ഐ.ജി.-യുടെ നേതൃത്വത്തിൽ അന്വേഷണത്തിന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഗവൺമെന്റിനോ പോലീസിനോ ആരെയും രക്ഷിക്കേണ്ട ആവശ്യമില്ല. ഇത് നിരന്തരമായ രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിലുണ്ടായ കൊലപാതകമാണെന്നുള്ള വിവരമാണ് ലഭിച്ചിട്ടുള്ളത്. ഈ കേസ്സിലെ പ്രതികളായ ബി.ജെ.പി.-ക്കാരെയെല്ലാം റിമാന്റ് ചെയ്തിട്ടുണ്ട്. ശ്രീ. കരുണാകരൻ എം.പി.-യുടെ നേതൃത്വത്തിൽ വന്ന നിവേദക സംഘത്തിന്റെ അഭ്യർത്ഥന പ്രകാരം കണ്ണൂർ ഡി.ഐ.ജി.-യുടെ നേതൃത്വത്തിൽ ഒരു സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടന്നുവരികയാണ്. അന്വേഷണത്തിന്റെ വിശദമായ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അക്കാര്യത്തിൽ നടപടി സ്വീകരിക്കുമെന്നുകൂടി ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ആഗ്രഹിക്കുന്നു. കാസർഗോഡ് ഒരു രാഷ്ട്രീയ പ്രേരിതമായ നടപടിയും പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടാകില്ലെന്ന് മെമ്പർക്ക് ഉറപ്പ് നൽകുകയാണ്. കുറ്റകൃത്യങ്ങൾ ആര് ചെയ്താലും കുറ്റത്തിന്റെ ഗൗരവം അനുസരിച്ച് നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണവും നടപടിയും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഉദുമ മെമ്പറെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly